## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇ.എം.സി സമർപ്പിച്ച സ്പെസിഫിക്കേഷൻ അനുസരിച്ച് ഉപകരണങ്ങൾ ക്രൂസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയ ഉത്തരവിന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം.2059/2014/തസ്വഭവ. തിരുവനന്തപുരം, തീയതി, 08.08.2014.

---

പരാമർശം:-14.07.2014-ലെ സ.ഉ(സാധാ)1807/2014/തസ്വഭവ.

## ഉത്തരവ്

പരാമർശത്തിലെ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഇ.എം.സി സമർപ്പിച്ച സ്പെസിഫിക്കേഷൻ അനുസരിച്ച് ഉപകരണങ്ങൾ ക്രൂസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു.

മേൽ ഉത്തരവു പ്രകാരം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെൽട്രോണിൽ നിന്നും മാത്രമേ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാവൂ എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
സി.വൽസല
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, വെള്ളയമ്പലം, തിരുവനന്തപുരം.
സെക്രട്ടറി, ക്രൂസ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.